# ക്യാമ്പസ് ശലഭങ്ങൾ

ലിറ്റിൽ കൈറ്റ്സ് മാസിക



ഒ.എൽ.എൽ.എച്ച്.എസ്.എസ്. ഉഴവൂർ

ഒ.എൽ.എൽ.എച്ച്.എസ്.എസ്. ഉഴവൂർ

# ക്യാമ്പസ് ശലഭങ്ങൾ

ലിററിൽ കൈറ്റ്സ് മാസിക

പ്രിയകുട്ടികളെ,

ഉഴവൂർ ഒ.എൽ.എൽ.എച്ച്.എസ്.എസ് ലെ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബ് , കാലത്തിനൊപ്പം വളരുന്ന ടെക്നോളജിയിൽ വൈദഗ്ധ്യവും അഭിരുചിയുമുള്ള തലമുറയെ വാർത്തെടുക്കുന്നതിൽ ഏറെ സഹായിക്കുന്നു. 2023–24 ബാച്ചിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്നു എന്നറിഞ്ഞതിൽ ഏറെ സന്തോഷിക്കുന്നു.അതിന് എല്ലാവിധ ആശംസകളും നേരുന്നു.

സ്നേഹപൂർവ്വം

സിസ്റ്റർ :അലെക്സി

ഹെഡ്മിസ്ട്രെസ്






## എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ : നേഹ സ്റ്റിന്ദു
സബ് എഡിറ്റർ : അഞ്ജന സിജി

## എഡിറ്റോറിയൽ അംഗങ്ങൾ

* അശ്വിൻ സി.എസ്
* അൽഫോൻസ് റോബിൻ
*സഞ്ജയ് സുബാഷ്
*അജോൺ പി ചാക്കോ
*ആദികൃഷ്ണ എൻ എസ്
*അൽമാ ബിബു
*എയ്ഞ്ചൽ മരിയ റോയ്
*ആരതി ചന്ദ്രൻ
*അലീന തോമസ്
*റിറ്റി റെജി

# എഡിറ്റോറിയൽ

ഇന്നത്തെ ഈ കാലഘട്ടത്തിൽ കമ്പ്യൂട്ടർ ഉപയോഗിക്കാൻ പഠിക്കുക എന്നത് വളരെ അനിവാര്യമായ കാര്യമായി മാറിക്കൊണ്ടിരിക്കുകയാണ്. ഇതിനെ മുൻനിർത്തി സ്ക്കൂളുകളിൽ ലിറ്റിൽ കൈറ്റ്സ് എന്ന നാമത്തിൽ ഒരു ഐടി ക്ലബ് രൂപീകരിക്കുകയും അതുവഴി അനേകം കുട്ടുകാർ ആനിമേഷൻ, പ്രോഗ്രാമിങ് എല്ലാം പഠിക്കുകയും അതിന്റെ ഇംപോർട്ടൻസ് മനസ്സിലാക്കുകയും ചെയ്യുന്നു.

ലൂർദ് മാതാവിന്റെ നാമത്തിലും വിശുദ്ധ എസ്ഥപാനസിന്റെ മധ്യസ്ഥത്തിലും ഉഴവൂരിലെ തിലകക്കുറിയായി മാറിയ ഒരു വിദ്യാലയമാണ് ഒ. എൽ. എൽ.എച്ച്. എസ്.എസ് .ഈ വിദ്യാലയത്തിലെ ഒമ്പതാം ക്ലാസിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ അവരുടെ കഴിവുകളും അറിവുകളും പങ്കിടാൻ ഒരു ഡിജിറ്റൽ ആൽബം തയ്യാറാക്കുന്നു. ഈ ഡിജിറ്റൽ ആൽബത്തിന് വേണ്ടി പ്രവർത്തിക്കുന്ന എല്ലാ കുട്ടുകാർക്കും ആശംസകൾ നേരുന്നു.

എന്ന് ചീഫ് എഡിറ്റർ



# ഉള്ളടക്കം

Page


എന്റെ വിദ്യാലയം ------------------------6

അധ്യാപകർ ----------------------------- 7

ആരാണ് മാന്യൻ------------------------- 8

ത്രയോക്തി ------------------------------- 9

തുമ്പപ്പൂവിന്റ വിലാപം ----------------10-11

രോദനം ---------------------------------- 12

നിഗൂഢ ഗ്രാമം ------------------------- 13

മഹത്തായ മൂന്നുകൾ -------------------- 14

കാറ്റ് മഴയോട് പറഞ്ഞത് ---------------15

ശീലങ്ങൾ ------------------------------16

ഏകാന്തതയുടെ പടവുകൾ -----------17-18

അവൾ -------------------------------19-20

ഇരുട്ടിലേക്ക് ---------------------------- 21

ഡിജിററൽ പെയിൻറിംഗ്----------------22

# എന്റെ വിദ്യാലയം

വി. എസ്തപ്പാനോസ് പുണ്യാളന്റെ മടിത്തട്ടിൽ ലൂർദ് മാതാവിന്റെ നാമധേയത്തിലുള്ള ഒ.എൽ.എൽ.എച്ച് എസ്.എസ്  ആണ് എന്റെ വിദ്യാലയം.1919 ൽ ആരംഭിച്ച എന്റെ വിദ്യാലയം വളർന്ന് പന്തലിച്ച് പൂവിട്ട് ഒരു വൻ മരമായി മാറിയിരിക്കുമ്പോൾ, അതിലെ പ്രഥമ സ്ഥാനം വഹിക്കുന്നത്  മുൻ ഇന്ത്യൻ പ്രസിഡന്റായ ഡോ. കെ. ആർ നാരായണൻ എന്ന മഹദ് വ്യക്തിയാണ് .
അദ്ദേഹത്തിന്റെ പാദമുദ്രകൾ പിന്തുടർന്ന്കൊണ്ട് SSLC പരീക്ഷയിലും ഉയർന്നവിജയം നേടികൊണ്ട് OLL-ന്റെ ചരിത്ര യാത്ര ഇന്നും തുടർന്ന്കൊണ്ടിരിക്കുന്നു.
 നമ്മുടെ അറിവും ബുദ്ധിയും വളർന്ന് വരുകയാണ്. നമുക്ക് അറിവുകൾ നേടാൻ നിരവധി മാർഗങ്ങളുണ്ട്.അതിൽ പ്രധാന സ്ഥാനം വഹിക്കുന്നത് വിദ്യാലയമാണ്.
സന്തോഷത്തിന്റെ നറു തേൻ നുകരുവാൻ ഒരുപിടി പൂക്കളുമായി എത്തുന്നവരാണ് നമ്മൾ .ഒരോ അധ്യാപകനും തന്റെ ഹൃദയത്തിലെ അറിവ് തന്റെ കുട്ടിക്ക് പകർന്ന് നൽകും.
ഉഴവൂരിന്റെ മണ്ണ് OLL എന്ന എന്റെ സ്കൂളിലൂടെ ലോകമറിയുന്ന ഒരു നഗരമാക്കുവാൻ സാധിക്കും എന്ന് ഞാൻ വിശ്വസിക്കുന്നു.

by joel jibi

# അദ്ധ്യാപകർ

ജീവിത വഴികളിൽ വെളിച്ചം പകരുന്ന
അറിവിൻ ദൈവമാണ് അദ്ധ്യാപകർ
ആൽമരത്തണലിൽ കുയിലുകൾ പാടുന്ന
സ്നേഹത്തിൻ പേരാണ്
അദ്ധ്യാപകർ
പുതുപുതുഭാഷകളും നല്ല കാര്യങ്ങളും
അറിവിൻ വെളിച്ചവും നൽകുന്നു എൻെറ
അദ്ധ്യാപകർ
പുതിയ തലമുറക്ക് അക്ഷരതേൻ കണവും
നന്മതൻ വെളിച്ചവും
നൽകുന്ന
എൻെറ വിദ്യാലയത്തിലെ കൺകണ്ട
ദൈവമാണ് അദ്ധ്യാപകർ
പതംഗത്തിനെ പോലെ പറന്നുയരാനും
ജീവിതപടികൾ കയറുവാനും
തുണയായി നിൽക്കുന്ന ഹൃദയമാണെൻെറ
അദ്ധ്യാപകർ

–*അഭിഷിക്ത് ഷദീപ്*
VIII D

# ആരാണ് മാന്യൻ?

ആരാണ് മാന്യൻ എന്ന് കാർഡിനൽ ന്യൂമാൻ വിവരിക്കുന്നത് ഇങ്ങനെയാണ്

. ആരെയും വേദനിപ്പിക്കാത്തവൻ
. അന്യരുടെ ക്ലേശങ്ങൾ നിവാരണം ചെയ്യുന്നവൻ
. അന്യരുടെ അഭിപ്രായങ്ങൾ മാനിക്കുന്നവൻ
. അന്യരുടെ ആവശ്യങ്ങളെ കുറിച്ചും സൗകര്യങ്ങളെ കുറിച്ചും ചിന്തയുള്ളവൻ
. അന്യരുടെ വികാരങ്ങളെ മാനിക്കുന്നവൻ
. സംസാരിക്കാൻ തിടുക്കം കൂട്ടാതിരിക്കുന്നവൻ
. സംസാരത്തിൽ ഞാനെന്ന ഭാവം നിഴലിപ്പിക്കാത്തവൻ
. ഉപകാരങ്ങൾ ചെയ്യാനുള്ള അവസരങ്ങൾ പാഴാക്കാത്തവൻ
. അന്യർ അരോചകമായി സംസാരിച്ചാലും കോപിക്കാത്തവൻ
. വിയോജിപ്പുള്ള കാര്യങ്ങൾ സൗമ്യമായി അവതരിപ്പിക്കുന്നവൻ
. ശത്രുവിനെ മിത്രം ആക്കുവാനായി അയാളോട് സ്നേഹപൂർവ്വം പെരുമാറുന്നവൻ
. ക്ലേശങ്ങളിൽ ക്ഷമ പാലിക്കുന്നവൻ
. എല്ലാവരെയും ബഹുമാനിക്കുന്നവൻ

അലീന തോമസ്



## ത്രയോക്തി

പഴമയുടെ മ
പുതുമയുടെ മ
രണ്ടും ചേർന്നാൽ മ്മ !

കാമം കവിത രചിക്കുന്നു.
കാലം കഥകൾ ചമയ്ക്കുന്നു.
കഥയും കവിതയുമൊത്തു
രചിക്കും ജന്മം സുകൃതം പെയ്യുന്നു !

പട്ടം പോലെ പറക്കാനും
ഇഷ്ടം പോലെ ചരിക്കാനും
കണ്ടാലൊന്ന് ചിരിക്കാനും
കിട്ടില്ലെന്ന് നടിക്കാനും
കണ്ടോരുണ്ടേ പറയാനും!

ഗൗതം കൃഷ്ണ

"

# തുമ്പപ്പൂവിന്റെ വിലാപം

ഹലോ, ആർ യൂ ഓക്കേ?" ജീവിതം മടുത്ത് കൈത്തണ്ടയിൽ കത്തിച്ചേർത്ത് വെച്ചിരിക്കുമ്പോഴാണ് ആ മെസ്സേജ് എന്റെ കണ്ണിലുടക്കിയത്.
ഒറ്റപെടലിൻെറ ലോകത്ത് മരവിച്ച് പോയ എൻെറ ഹൃദയത്തിലേക്ക് കടന്നുവന്ന ഒരു തലോടലായിരുന്നു അത്. ഇത്ര നാൾ കഴിഞ്ഞ് പോയ എൻെറ ജീവിതം ഒരു സിനിമ പോലെ എൻെറ കണ്ണിലൂടെ മിന്നിമറഞ്ഞു.
അതിലെവിടെയും സ്നേഹവാത്സല്യത്തോടെ മകളെ താലോലിക്കുന്ന അച്ഛനെയോ അമ്മയെയോ ഞാൻ കണ്ടില്ല. അച്ഛനെ കുറിച്ച് ആലോചിക്കുമ്പോൾ കുറ്റാരോപിതനായി എല്ലാവരുടെയും മുന്നിൽ തലകുനിച്ച് നിൽക്കുന്ന ഒരു മെലിഞ്ഞ ഉയരമുള്ള രൂപമാണ് മനസ്സിൽ വരുന്നത്. അടുത്ത് എനിക്ക് അപരിചിതയായ ഒരു സ്ത്രീയും നിൽക്കുന്നുണ്ട്.തന്റെ അച്ഛൻ ചെയ്ത തെറ്റിന്റെ ആഴം മനസിലാക്കാൻ ആ ആറു വയസ്സുക്കിരിക്ക് കഴിഞ്ഞില്ല.എങ്കിലും പുറത്തു കേൾക്കുന്ന പൊട്ടിത്തിറിയിൽ നിന്ന് അച്ഛൻ എന്തോ വലിയ തെറ്റ് ചെയ്തുവെന്ന് ഞാൻ മനസ്സിലാക്കി. പേടിച്ചരണ്ട് ഞാൻ ആ മുറിയിൽ ഒറ്റയ്ക്കിരുന്നു. ഇനിയെന്നും ഒറ്റക്കായിരിക്കുമെന്ന് അറിയാതെ . പിന്നീട് ഒരിക്കലും ഞാൻ അച്ഛനെ കണ്ടില്ല. അതിനുശേഷം
അമ്മയും വളരെയധികം മാറിയിരുന്നു. ഒറ്റരാത്രി കൊണ്ട് അച്ഛനെയും അമ്മയെയും നഷ്ടപെട്ട് അനാഥത്വത്തിന്റെ ഏകാന്തതയിലേക്ക് ഞാൻ എടുത്തെറിയപെട്ടു. ആരോടോ ഉള്ള വാശിയുടെ പേരിൽ വിധി തന്നിൽ നിന്ന് തട്ടിയെറിഞ്ഞ എല്ലാം തിരികെപിടിക്കുന്നതിന്റെ തിരക്കിൽ അമ്മ എല്ലാം മറന്നിരുന്നു, എല്ലാം ...!
തന്റെ മകളെയും മറന്നിരുന്നു !
എന്നിരിന്നാലും എന്റെ ജീവിത നിലവാരം മെച്ചപ്പെടുത്താൻ ആവശ്യമായതെല്ലാം എനിക്കവർ ഒരുക്കിത്തന്നു . നഗരത്തിലെ പേരുകേട്ട വിദ്യാലയത്തിലുള്ള വിദ്യാഭ്യാസം, വസ്ത്രങ്ങൾ, ആഭരണങ്ങൾ, കളിപ്പാട്ടങ്ങൾ..... അങ്ങനെയെല്ലാം !
എന്നാൽ സ്നേഹം, വാത്സല്യം , കരുതൽ .... ഇവയൊന്നും ഞാൻ അറിഞ്ഞിരുന്നില്ല. ഇവയുടെ അഭാവം നല്ല സുഹൃത്തുകളെ സൃഷ്ടിക്കുന്നതിനു തടസ്സം നിന്നു . അവിടെയും ഞാൻ ഒറ്റപ്പെട്ടു. അമ്മവീട്ടിലായിരുന്നു ഞാൻ താമസിക്കുന്നത്.

ഇത് ഒരു കൂട്ടുക്കുടുംബം ആണ് . വല്യച്ഛനും, വല്യമ്മയും, ചെറിയച്ഛനും, ചെറിയമ്മയും അവരുടെ മക്കളുമൊക്കെയായി വലിയൊരു കുടുംബം . എന്നാൽ എന്റെ ഏകാന്തതയിൽ തണലാവാൻ അവർക്കാർക്കും കഴിഞ്ഞില്ല. എല്ലാവരും ഉണ്ടായിട്ടും ആരുമില്ലാത്ത അവസ്ഥ .... അസഹനീയം!

കാലചക്രം ഇഴഞ്ഞു നീങ്ങി. അന്നത്തെ ആറു വയസ്സുക്കാരിക്ക് ഇന്ന് വയസ്സ് ഇരുപത് . എന്നാൽ മനസ്സുക്കൊണ്ട് പടിയിറങ്ങി പോയ അച്ഛനെയും കൺമുൻപിൽ ഉണ്ടായിട്ടു അന്യമായ അമ്മയെയും തേടുന്ന അന്നത്തെ പെണ്ണ് തന്നെ. അമ്മയുടെ സ്നേഹവാത്സല്യങ്ങൾ അമ്മ എന്റെ ശക്തിയായിരുന്നു. അമ്മ എന്നുമൊരു അതിശയമായിരുന്നു. ഉള്ളിലുള്ള സ്നേഹം ഹൃദയത്തിൽ തന്നെ പൂട്ടിവെച്ച് ഞാൻ അറിയാതെ എന്റെ കാര്യങ്ങൾ അന്വേഷിച്ചിരുന്ന അമ്മയെ ഞാൻ എപ്പോഴൊക്കെയോ അറിഞ്ഞിരുന്നു. അമ്മ അങ്ങെനെയാണ് ഒന്നും ആരെയും അറിയിക്കില്ല.അതിപ്പോ സ്നേഹം ആയാലും സന്തോഷം ആയാലും ഹൃദയം നുറുക്കുന്ന വേദന ആയാലും !

രണ്ട് മാസങ്ങൾക്ക് മുൻപ് ഒരു കാർ ആക്സിഡെൻ്റിൻ്റെ രൂപത്തിൽ അമ്മ പോയപ്പോൾ ഞാൻ യഥാർത്ഥത്തിൽ ഞാൻ അനാഥയായി. അമ്മയുടെ മരണം എനിക്ക് താങ്ങാവുന്നതിലും അപ്പുറമായിരുന്നു. പെട്ടെന്നുണ്ടായ ബുദ്ധിമോശത്തിലാണ് മരിക്കാൻ ശ്രമിച്ചത്. എന്നാൽ ആ മെസേജ് എന്റെ തീരുമാനം തിരുത്തി. ഇത്രയും നാളത്തെ ജീവിതത്തിൽ എനിക്ക് ആകെ കിട്ടിയ സുഹൃത്ത് അമൃത, അവളാണ് എന്റെ മുന്നിൽ ദൈവദൂതയായി അവതരിച്ചത്. ഈ കഥ പറയുവാൻ ഞാൻ നിങ്ങടെ മുന്നിൽ നിക്കാൻ കാരണം അവളാണ്.

" നിങ്ങടെ മുന്നിൽ ഇനിയും ജീവിതം ബാക്കിയുണ്ട്. ദൈവം കനിഞ്ഞു നൽകിയ ജീവൻ ഇല്ലാതാക്കാൻ തോന്നുമ്പോൾ ദാ അത് കണ്ടോ ക്യാൻസർ വാർഡ് ആണ് അങ്ങോട്ട് ഒന്ന് തിരിഞ്ഞു നോക്കണത് നല്ലതാ"

"വേറെ കൊഴപ്പം ഒന്നുല്ല ട്രിപ് തീർന്നാൽ പോകാം"

ആ കുട്ടിയുടെ അടുത്ത് വേവലാതിയോടെ നിൽക്കുന്ന അമ്മയോട് പറഞ്ഞിട്ട് ഡോ. ശരണ്യ നടന്നു നീങ്ങി. അപ്പോൾ ആ കുട്ടിയുടെ മുന്നിൽ അവൾക്കും ദൈവദൂതയുടെ മുഖം ആയിരുന്നു.

കുമാരി എയ്ഞ്ചൽ മരിയ റോയി

# രോദനം

കാറ്റ് മഴയോട് ചൊല്ലുന്നു
മഴയെ നീ പെയ്യുമ്പോൾ
നീർത്തടങ്ങൾ നിറയുന്നു
കുട്ടികൾ സന്തോഷിക്കുന്നു

നീ എത്ര ഭാഗ്യവതി
ഞാൻ കാരണം കർഷകർ
ദുഃഖിക്കുന്നു.
അവരുടെ വിളകൾ നഷ്ട്പ്പെടുന്നു.

കാറ്റേ, ഒരിക്കലുമില്ല,
നീ കാരണം മറ്റുള്ളവർ
സന്തോഷിക്കുന്നുമുണ്ട്.

എല്ലാവർക്കും ഗുണങ്ങളും
ദോഷങ്ങളുമുണ്ടാകാം
എന്നാൽ നമ്മിലുള്ള
കഴിവ്സാധിക്കുംവിധം
മറ്റുള്ളവർക്ക് പ്രയോജനപ്പെടുത്തണം.

തെരേസ ബൈജു

# നിഗൂഢ ഗ്രാമം

ഒരു ഗ്രാമം നല്ല പച്ച പിടിച്ച കിടക്കുന്ന മലകൾ. ആ ഗ്രാമത്തിൽ ആയിരുന്നു നമ്മുടെ അപ്പുക്കുട്ടന്റെ വീട്. അമ്മുക്കുട്ടൻ രാത്രിയിൽ വീടിന് പുറത്തിറങ്ങാൻ ഒരു പേടിയും ഇല്ലായിരുന്നു. കാരണം അവന്റെ അപ്പനും അമ്മയ്ക്കും ഒരു പേടിയും ഇല്ലായിരുന്നു. ആ ഗ്രാമത്തിൽ ഒരു കുഴപ്പമുണ്ട്. ആ ഗ്രാമത്തിലെ നാട്ടുകാരാരും ആറുമണിക്ക് ശേഷം വീടിനു പുറത്തിറങ്ങില്ല നാട്ടുകാര് കരുതുന്നത് പണ്ട് ഈ ഗ്രാമത്തിൽ നിഗൂഢമായി മരിച്ച ഒരു പെണ്ണിന്റെ ആത്മാവ് ഈ ഗ്രാമത്തിൽ അലഞ്ഞു തിരിഞ്ഞു നടക്കുന്നുണ്ടെന്നാണ് വിചാരിച്ചിരിക്കുന്നത് പക്ഷേ നമ്മുടെ അപ്പുക്കുട്ടന് ഇതൊന്നും വിശ്വാസമില്ല. ഒരു ദിവസം നമ്മുടെ അപ്പുക്കുട്ടൻ തീരുമാനിച്ചു ഇതെന്താണെന്ന് കണ്ടുപിടിക്കണം.അങ്ങനെ അപ്പുക്കുട്ടൻ ഒരു ദിവസം രാത്രിയിൽ പുറത്തിറങ്ങി. അങ്ങനെ അവൻ രാത്രിയിൽ ഒറ്റയ്ക്ക് നടന്ന ഒരു കാടിന്റെ സൈഡിൽ വന്നിരുന്നു. അവൻ അവിടെ ഇരുന്ന് എല്ലായിടത്തേക്കും നോക്കി. കുറെ നേരം അവൻ നോക്കി നിന്നപ്പോൾ അവൻ നിന്നെ കാടിന്റെ സൈഡിൽ നിന്ന് ഒരു ശബ്ദം കേട്ടു.ഇതെന്താണെന്ന് നോക്കാൻ ആയിട്ട് അവനൊരു കുറ്റിക്കാടിന്റെ അകത്തേക്ക് കയറിയിരുന്നു. അവൻ കുറെ നേരം ഇരുന്നു അങ്ങനെ അവന് മനസ്സിലായി അങ്ങനെ അവന് മനസ്സിലായി ഇതെന്താണെന്ന്.അവന്റെ നാട്ടിൽ രാത്രി ആയാൽ കുറെ ആനകൾ വരും ഈ ആനകളെ കൊന്ന് ആനക്കൊമ്പ് മോഷ്ടിക്കാൻ വന്നവരായിരുന്നു. ഇത് കുറെ നാളായിട്ട് നടക്കുന്നുണ്ടായിരുന്നു.അവന്റെ കയ്യിൽ മൊബൈലുണ്ടായിരുന്നു അവൻ പോലീസുകാരെ ഫോൺ ചെയ്തു. അങ്ങനെ പോലീസുകാരെല്ലാം വന്ന് അവരെ ജയിലിൽ ഇട്ടു അപ്പുക്കുട്ടൻ അങ്ങനെ ആന നാട്ടിലെ ഹീറോ ആയി..

അൽഫോൻസ് റോബിൻ

# മഹത്തായ മൂന്നുകൾ

സ്തത, നീതി
മൂന്നു മൂന്നു കാര്യങ്ങൾ സംരക്ഷിക്കുക:
പരിശുദ്ധി, വിശ്വകാര്യങ്ങൾ സൂക്ഷിക്കുക:നാവ്,
ബന്ധം, ചിന്ത
മൂന്നു കാര്യങ്ങൾ ഉണ്ടായിരിക്കുക:ധൈര്യം,
ആത്മാർത്ഥത, ശാന്തത
മൂന്നു കാര്യങ്ങൾ
ഉപേക്ഷിക്കുക:ക്രൂരത,പക, ക്രോധം
മൂന്നു കാര്യങ്ങൾ
സ്നേഹിക്കുക:സുകൃതങ്ങൾ,നിഷ്കളങ്കത,
ദൈവഭയം
മൂന്നു കാര്യങ്ങൾ കാത്തു പാലിക്കുക :
ഹൃദയത്തിന്റെ മേന്മ, മുഖത്തിന്റെ പ്രസന്നത,
മനസ്സിന്റെ സമനില
മൂന്നു കാര്യങ്ങൾ കൊടുക്കുക:
ആവശ്യക്കാർക്ക് സഹായം, ദുഃഖിതർക്ക്
ആശ്വാസം, നന്മ ചെയ്യുന്നവർക്ക്
അഭിനന്ദനങ്ങൾ

അശ്വിൻ സി.എസ്



# കാറ്റ് മഴയോട് പറഞ്ഞത്

നിശതൻ നീലിമപൂണ്ട യാമങ്ങളിൽ
തന്നിലേക്കൊഴുകിയെത്തിയ പ്രണയമഴയെ
സ്നേഹത്തന്റെ കരങ്ങൾ ഉയർത്തി
ആലിംഗനം ചെയ്യുന്ന തെന്നലിനോട് അവൾ
ചോദിക്കുകയായി നിന്നോടൊപ്പം
സംഗീത പ്രവാഹം സൃഷ്ടിച്ചിട്ടൊടുവിൽ
യാത്ര പോലും പറയാതെ ഓടിമറയുന്ന
എന്നെ എന്തിനു നീ പ്രണയിക്കുന്നു ?



യൗവനത്തിലാർത്തലച്ചു പെയ്തിട്ടു
വാർദ്ധക്യത്തിൽ അവശയായി
തളിരിലയിൽ വീണുടഞ്ഞിട്ടും
ഓർമ്മകളുടെ ചിറകിലേറി
സ്നേഹത്തിന്റെ ദാസിയായി
അമ്മയുടെ കണ്ണീരായി
ഹൃദയപൂട്ടിന്റെ താക്കോലായി നീ
പുനർജനിക്കുന്നില്ലെയോ?
വീണ്ടും മറ്റൊരിലയുടെ ഇരയാകുമെന്നുറച്ചിട്ടും..



കുമാരി: എയ്ഞ്ചൽ മരിയ റോയി

# ശീലങ്ങൾ

ശീലങ്ങൾ ആദ്യം ചിലന്തിവലപോലെയാണ്. പിന്നിടവ ഇരുമ്പുവലപോലെയും എന്ന് സ്പാനിഷ് പഴമൊഴിയിൽ പറയുന്നു.'ചൊട്ടയിലെ ശീലം ചുടലവരെ', ശീലിച്ചതേ പാലിക്കൂ,'ചെറുപ്പകാലങ്ങളിലുള്ള ശീലം മറക്കുമോ മാനുഷനുള്ള കാലം ' എന്നൊക്കെ നാം ധാരാളം കേട്ടിട്ടുണ്ട്. മനുഷ്യന്റെ വളർച്ചയ്ക്കും തളർച്ചയ്ക്കും ആധാരം ശീലമല്ലാതെ മറ്റൊന്നുമല്ല. നല്ല ശീലങ്ങൾ ഒരുവനെ നല്ലതാക്കി മാറ്റുമ്പോൾ ചീത്തശിലങ്ങൾ ഒരുവനെ ചീത്തയാക്കുന്നു. വിദ്യാഭ്യാസം ലക്ഷ്യമാക്കേണ്ടത് നല്ല ശീലങ്ങളെ വളർത്തുന്നതിലായിരിക്കണം. ഓരോ വിദ്യയും നിരന്തരമായ അഭ്യാസത്താൽ മാത്രമാണ് സ്വായത്തമാകുന്നത്.

കുട്ടികൾ നല്ല പൗരൻമാരായി മാറിയാൽ അവർക്കും, അവർക്ക് വഴികാട്ടികളായ ഗുരുക്കൻമാർക്കും അവരെ വളർത്തി വലുതാക്കിയ  മാതാപിതാക്കൻമാർക്കും ഇതര കാര്യങ്ങളിൽ അവരെ സഹായിച്ച സഹജീവികൾക്കും അത് സന്തോഷകരമാകുന്നു. എന്നാൽ കുട്ടികൾ അധമൻമാരായി തീർന്നാൽ അത് അവർക്കും രാജ്യത്തിന് തന്നെയും തീരാദു:ഖമാകുന്നു. അതിനാൽ രാജ്യത്തിന്റെ യഥാർത്ഥ ശില്പികൾ മാതാപിതാക്കളും, അധ്യാപകരുമാണ്.

മാതാപിതാക്കളുടേയും അധ്യാപകരുടേയും നേതൃത്വം പോലെ കുട്ടികൾക്ക് പ്രവർത്തിക്കാനുള്ള ഒരു നല്ല മനസ്സും കൂടി ഉണ്ടായിരിക്കണം. ഒരു ചിത്രശലഭത്തെ പിടിക്കാൻ ചെല്ലുമ്പോൾ അത് പറന്നു പോകും . എന്നാൽ സ്വസ്ഥമായിരുന്നാൽ അത് നമ്മുടെ  അടുത്തേക്ക് വരും. അതുപോലെ ദൈവം എല്ലാ പക്ഷികൾക്കും ഭക്ഷണം നല്കുന്നു. എന്നാൽ അവിടുന്ന് ഒന്നിന്റേയും കൂട്ടിൽ കൊണ്ടുപോയി വയ്ക്കാറില്ല

– നേഹ സ്റ്റിനു

# ഏകാന്തതയുടെ പടവുകൾ

ദൂരെ ഒരു കൊച്ചുഗ്രാമം. അവിടെ ഒരുകൊച്ചു വീട്ടിൽ പൊഴിഞ്ഞപല്ലുകളും , നരച്ചമുടിയും,വിറയ്ക്കുന്നശരീരവുമായി ആരുമില്ലാത്ത അനാഥനെ പോലെ ഒരു വൃദ്ധൻ. വീടിനകത്ത് ആരോടും മിണ്ടാനും പറയാനും ഇല്ലാതെ ഒറ്റയ്ക്ക് വിദൂരതയിലേക്ക് നോക്കി എന്തൊക്കെയോ പറഞ്ഞുകൊണ്ടിരിക്കും. വീടിന് അരികിലൂടെ കുട്ടികളും മറ്റാരെങ്കിലും ഒക്കെ പോകുമ്പോൾ ഇങ്ങനെ പറയും " ആയ കാലത്ത് എങ്ങനെ നടന്ന മനുഷ്യനാ ! ഒരുത്തമ പുരുഷൻറെ ഗാംഭീര്യവും തലയെടുപ്പും ഒക്കെയായിട്ട് ഗ്രാമപ്രവാസികൾ ആകെ ബഹുമാനിച്ചിരുന്ന ക്യാപ്റ്റൻ ദിവാകരൻ." എന്നാൽ ഇന്ന് ആ മുത്തച്ഛൻ തലയെടുപ്പ് ഒന്നുമില്ലാതെ ഒരു മുറിയിൽ ചുരുണ്ടു കിടക്കുന്നു. അയാൾ ഒരു മകനായിരുന്നു, ഒരച്ഛനായിരുന്നു, സഹോദരനായിരുന്നു. അദ്ദേഹത്തിന് മൊത്തം അഞ്ചു മക്കളാണ്. രണ്ട് ആണും മൂന്ന് പെണ്ണും. കുട്ടികളെയൊക്കെ പഠിപ്പിച്ചു കെട്ടിച്ചു ഒക്കെ വിട്ടുകഴിഞ്ഞ് തന്റെ ഉത്തരവാദിത്വങ്ങൾ എല്ലാം കൃത്യമായി ക്യാപ്റ്റൻ മുത്തച്ഛൻ നിർവഹിച്ചിരുന്നു. മുത്തച്ഛൻറെ ഭാര്യ കുഞ്ഞിലക്ഷ്മി അമ്മ നാലു വർഷങ്ങൾക്കു മുമ്പ് മരണപ്പെട്ടിരുന്നു. മുത്തച്ഛന് ജീവനായിരുന്നു. തന്റെ ഭാര്യയുടെ നഷ്ടം അദ്ദേഹത്തെ ഒത്തിരി അലട്ടിയിരുന്നു. പണ്ട് മുത്തച്ഛൻറെ ആയകാലത്ത് നാട്ടിൽ ലീവിന് വരുമ്പോൾ ഒരു ആഘോഷം തന്നെയായിരുന്നു. മക്കളെയും കൊണ്ട് ഉത്സവത്തിന് പെരുന്നാളിനും ഒക്കെ പോകുമായിരുന്നു. "അച്ഛാ എനിക്ക് അതുവേണം, ഇതുവേണം ഇന്ന് മക്കൾ ഓരോരുത്തരും പറയുമ്പോൾ അതെല്ലാം സാധിച്ചു കൊടുക്കുമായിരുന്നു. ഇതൊക്കെ കാണുന്ന ആളുകൾ," എൻ്റെ ദിവാകരേട്ടാ .... നിങ്ങൾ ഉള്ളതെല്ലാം ഇവർക്ക് വേണ്ടി കൊടുത്ത സ്വന്തം കാര്യം നോക്കാതെ ഇരുന്നാൽ അവസാനകാലത്ത് ഇവരൊന്നും കാണില്ല."ഇങ്ങനെയുള്ള നാട്ടുകാരുടെ പറച്ചിലിന് ഒരു ചിരിയായിരുന്നു മറുപടി.

അങ്ങനെ കാലങ്ങൾ കഴിഞ്ഞുപോയി ക്യാപ്റ്റൻ മുത്തച്ഛനും വയ്യാതായി മക്കളെല്ലാം തന്നെ വിട്ടു അവരവരുടെ ജീവിത സുഖങ്ങൾ തേടി പോയി. അപ്പോൾ പോലും അവർ വന്നില്ല ഇപ്പോൾ മുത്തച്ഛന് തീരെ വയ്യാതായി  കിടന്നിടത്തുനിന്ന് അനങ്ങാൻ വയ്യ. പരസഹായത്തിനു പോലും ആരും ഇല്ല. കിടക്കുമ്പോൾ മുത്തച്ഛൻ സ്വയം ശപിച്ചുകൊണ്ട് ഇങ്ങനെ പറയും "എന്തിനാ എന്റെ ദൈവമേ ഈ ഉള്ളവനെ ഇവിടെ ഇട്ട് ഇങ്ങനെ നരകപ്പിക്കുന്നത് ?... ആർക്കും വേണ്ടാതെ എന്തിനോ വേണ്ടി ഒരു മനുഷ്യജീവിതം..... അപ്പോഴാണ്  മുത്തച്ഛൻ ആ വിളികേട്ടത് മുത്തച്ഛാ ...... അപ്പുറത്തെ വീട്ടിലെ അമ്മാളുമാണ്, മുത്തച്ഛൻറെ ആകെയുള്ള ഒരേ ഒരു കൂട്ട്. അമ്മാളുമായിട്ട്  എന്തെങ്കിലും മിണ്ടിയും പറഞ്ഞിരിക്കുന്നു അപ്പോഴാണ് മുത്തച്ഛൻ തൻറെ വിഷമങ്ങൾ എല്ലാം കുറച്ചെങ്കിലും മറക്കുന്നത്. നേരം സന്ധ്യയായി സായാഹ്നത്തിന്റെ തണുത്ത കാറ്റ് വീശി തുടങ്ങി, പക്ഷികൾ തിരിച്ച് കൂടണയാൻ പോകുന്നു. ആ കാറ്റിലൂടെ മുത്തച്ഛൻറെ കണ്ണുനീർ ഉണങ്ങി പോയിരുന്നു. മക്കൾ എന്നാൽ ജീവനായിരുന്നു. ജീവിച്ചത് മുഴുവൻ അവർക്കുവേണ്ടിയാണ്. എന്നാൽ ജീവിതത്തിൻറെ കറുത്ത നാളുകളായ വാർദ്ധാക്യത്തിൽ ആരുമില്ല. കഴിഞ്ഞ നാളുകൾ മുഴുവൻ എന്തിനോ വേണ്ടി, ആർക്കോ വേണ്ടി ജീവിച്ചു. ഈ വാർദ്ധാക്യ സമയത്ത്  ഏകാന്തമായോ ഒറ്റപ്പെടൽ മാത്രം ബാക്കിയായി ഒരു മനുഷ്യജീവൻ. ഇരുൾ മുറിയുടെ ഇടനാഴികയുടെ തൻറെ കൊച്ചുമക്കളോ, മക്കളോ വന്നോയെന്ന് നോക്കി നോക്കി കഴിയുന്ന ഒരു ജീവൻ. എന്നും ആ വാതിലിന്റെ ഇടനാഴികയിലൂടെ നോക്കും പക്ഷേ ആരും വരാറില്ല. വരികയും ഇല്ല. ഇനി ഏകാന്തതയുടെ നാളുകൾ.

–നിവേദിത ശ്രീജിത്ത്

# അവൾ

പോക്കറ്റ് പരിശോധിച്ചതിന് ശേഷം ചെറിയ ഞെട്ടലോടെ എബിൻ പറഞ്ഞു ''അയ്യോ ". "എന്തുപറ്റി? " ചെറിയൊരു ആശങ്കയോടെ ബിസ്മി ചോദിച്ചു. "ഞാൻ എന്റെ പേഴ്സ് എടുക്കാൻ മറന്നു ". "അതിനിപ്പം എന്താ, ഞാൻ പയിസതരാം". ബിസ്മി  അഭിമാനത്തോടെ ചിരിച്ചുകൊണ്ട് പറഞ്ഞു. ബിസ്മി കുറച്ച് മുന്നോട്ടു നടന്നിട്ട് തിരിഞ്ഞപ്പോൾ എബിൻ അവിടെ തന്നെ നില്ക്കുകയായിരുന്നു, "നീ എന്താ ഇന്ന് മുഴുവൻ അവിടെ നില്കാൻ പോകുവാണോ?". അവളുടെ പരിഹാസം കേട്ട് എബിൻ ബിസ്മിയെ തട്ടി മാറ്റികൊണ്ട് മുന്നോട്ടു പോയി.

6 കൊല്ലമായിട്ട് ഒരേ ട്യൂഷൻ സെന്ററിൽ പഠിക്കുന്നതിലൂടെ ഇവരുടെ ഇടയിൽ ഒരു മനോഹരമായ സൗഹൃദം നിലനിന്നിരുന്നു. പക്ഷെ ഇവരുടെ സൗഹൃദം തകർക്കാൻ കാരണമാകാവുന്ന ഒരു കാര്യം എബിന്റെ മനസ്സിൽ ഉണ്ടായിരുന്നു. അവന് ബിസ്മിയെ ഇഷ്ട്ടമായിരുന്നു. അത് ഇന്നും ഇന്നലെയും ഒന്നും തുടങ്ങിയതല്ലേ, അവൻ ആദ്യമായി അവളെ കണ്ട ആ നല്ലമുതൽ തുടങ്ങിയതണിത്. സ്വന്തം ഇഷ്ടത്തിന് പ്രാധാന്യം നൽകാതെ അവരുടെ സൗഹൃത്തിനാണ് എബിൻ കൂടുതൽ പ്രാധാന്യം നൽകുന്നത്. ഒരിക്കൽ ട്യൂഷന് പോകുന്നതിന് ഇടയിൽ ബിസ്മി പെട്ടന്ന് പറയുവാൻ തുടങ്ങി, ഇത്രയും നേരം ഒരു കുഴപ്പവും ഇല്ലാണ്ടിരുന്ന ബിസ്മിക്ക്  പെട്ടന്ന് കരയുന്നത് കണ്ട് എബിൻ ഒന്ന് ഞെട്ടി." എന്താടി? എന്തുപറ്റി? ". "എനിക്ക് മരിക്കേണ്ടടാ..." എന്ന് പറഞ്ഞുകൊണ്ട് ബിസ്മി വീണ്ടും കരയാൻ തുടങ്ങി. ഇവൾ ഇത് എന്താ ഇങ്ങനെ ഒക്കെ പറയുന്നത് എന്ന് ഓർത്തു നിൽകുവാണ് എബിൻ "എന്താ പറ്റിയെ എന്ന് നീ തെളിച്ചു പറ"." നീ ചോദിച്ചില്ലേ ഞാൻ എന്താ കഴിഞ്ഞ 4–5 ദിവസം വരാതിരുന്നത് എന്ന്? ഞങ്ങൾ ഹോസ്പിറ്റലിൽ പോയതായിരുന്നു എനിക്ക്  കോറോണറി ഹാർട്ട് ഡിസീസ് ഉണ്ടെനാണ് ഡോക്ടർ പറഞ്ഞത് . അത് സുഖപ്പെടുത്താൻ സാധിക്കുകയില്ലനാണ്  അവർ പറഞ്ഞത്. പക്ഷെ ഞങ്ങൾ അതിന്റെ ട്രീറ്റ്മെന്റ് ചെയ്യാൻ അടുത്ത ദിവസം അമേരിക്കയിലേയ്ക്ക് പോവുകയാണ്.

അങ്ങനെ ബിസ്മി അമേരിക്കയിലേക്ക് പോകുന്ന ദിവസമായി. അവൾ പോകുന്നതിന് മുമ്പ് അവളോടുള്ള ഇഷ്ട്ടം തുറന്നു പറയണം എന്ന് എബിൻ ഉറപ്പിച്ചിരുന്നു.ബിസ്മിയുടെ വീട്ടിൽ ചെന്ന് അവളെയും വിളിച്ചുകൊണ്ടു അവൻ ഒരു പാടാവാരംഭിലേയ്ക്ക് വിളിച്ചുകൊണ്ടു പോയി. " നീ എന്തിനാ എന്നെ ഇങ്ങോട്ട് വിളിച്ചോണ്ട് വന്നേ? എനിക്ക് ഉണ്ടനെ തന്നെ പോവാൻ സമയമാകും". " ഡി ഞാൻ പറയുന്നത് നീ ഒന്ന് കേൾക്". ചെറിയ ഒരു സങ്കടത്തോടെ എബിൻ പറഞ്ഞു "ഇന്ന് എങ്കിലും ഇത് പറഞ്ഞില്ലെങ്കിൽ എനിക്ക് പറ്റത്തില്ല". "എന്താ? നീ പറ?".

"എടി എനിക്ക് നിന്നെ ഇഷ്ടവാ ". അത് കേട്ടതും ബിസ്മിയുടെ കണ്ണുകൾ നിറഞ്ഞു എങ്കിലും ഒരു ചെറു പുഞ്ചിരിയോടെ ബിസ്മി പറഞ്ഞു " എനിക്കും നിന്നെ ഇഷ്ടവാ എടാ ഞാൻ മരിക്കാൻ പോവ്വാ, നിനക്ക് എന്നെക്കാൾ നല്ല ഒരു പെണ്ണിനെ കിട്ടും. പിന്നെ, ഞാൻ കാരണം നീ സങ്കടപെടേണ്ടിവരും ". അതൊന്നും നീ നോക്കേണ്ട, എന്തെങ്കിലും ഒണ്ടെങ്കിൽ നമ്മൾ ഒരുമിച്ച് നേരിടാം". ബിസ്മി എന്തെങ്കിലും പറയുന്നതിന് മുമ്പ് അവളുടെ അമ്മ വന്ന് അവളെ വിളിച്ചു. "ഇടക്ക് ഒക്കെ എന്നെ വിളിക്കണം". അവൻ ചെറിയ സങ്കടത്തോടെ പറഞ്ഞു.

ബിസ്മി പോയെങ്കിലും അവരുടെ സൗഹൃത്തിന് ഒരു മാറ്റവും സംഭവിച്ചില്ല. ആദ്യത്തെ കുറച്ച് നാൾ വിളിക്കുന്നോണ്ടായിരുനെങ്കിലും പയ്യെ പയ്യെ അതും നിന്നുപോയി.. അവളുടെ അസുഖവും കൂടി കൂടി വരുവായിരുന്നു, അങ്ങനെ കുറെ നാൾക്കുശേഷം ബിസ്മിയുടെ കൈയിൽ നിന്നും എബിൻന് ഒരു കൊൾ വന്നു വളരെ സന്തോഷത്തോടെ അവൻ ആ കൊൾ എടുത്തു പക്ഷെ അവനോട് സംസാരിച്ചത് അവളുടെ അമ്മ ആയിരുന്നു വളരെ സങ്കടത്തോടെ അമ്മ ആ കാര്യം അവനോട് പറഞ്ഞു "ബിസ്മി പോയടാ, നമ്മളെ ഒക്കെ വിട്ട് അവൾ മറ്റൊരു ലോകത്തേക്കു പോയി– " പിന്നെ അവിടുന്ന് കരച്ചിൽ മാത്രമേ കെട്ടൊള്ളു. ആ ഒരു നിമിഷം കൊണ്ട് എബിന്റെ ജീവിതം തകർന്നു പോകുന്നത് പോലെ അവന് തോന്നി...

–അഞ്ജന സിജി.

# ഇരുട്ടിലേക്ക്

ആരോ മൊഴിഞ്ഞതരോ വിരുന്നുകാ–
രൻ വരുമൊരിക്കലെന്റെ ജീവിതത്തിൽ
അവൻ വരുന്നനേരം എന്റെ ജീവിത–
ത്തിന്റെ കാലങ്ങൾക്കു സമയമില്ല
എറെയുണ്ടെനിക്ക് ചെയ്തു തീർക്കാൻ
അവൻ എന്റെ നിദ്രയെ കെടുത്തി
എന്നെ തനിയെ ഇരുട്ടിലേക്ക് നയിക്കുമോ
നക്ഷത്രങ്ങളുടെ ശോഭയിൽ തിളങ്ങുന്ന
രാവിൻ മറയത് ആരുമറിയാതെ
വന്നാലോ എന്നെന്റെ മനസ്സിൽ വിങ്ങി
എന്റെ കാതുകളിൽ പടർന്നു ആ
പതിഞ്ഞ ഭീകരമായ കാലോചകൾ
എന്റെ ജീവിതത്തിന്റെ പാതിയടർന്നു
പോയതുപോലെ എനിക്ക് തോന്നുന്നു
ഇരുട്ടിലേക്ക് പൊക്കാൻ എനി –
ക്ക് ആഗ്രഹമില്ലെങ്കിലും
ജീവനക്കുന്ന മനുഷ്യന്റെ ജീവിത –
ത്തിൽ ഇത് തീർച്ചയാണ്
തീർച്ച, തീർച്ച അവൻ എന്നെ
കൊണ്ടുപോകും ആ ഇരുട്ടിലേക്ക്

–ആരതി ചന്ദ്രൻ.

# DIGITAL PAINTING



ABIN JOHN ABY



ABISHIKTH SHADEEP





JOYAL C JAIMON

# ക്യാമ്പസ് ശലഭങ്ങൾ

ലിററിൽ കൈറ്റ്സ് മാസിക




ഒ.എൽ.എൽ.എച്ച്.എസ്.എസ്. ഉഴവൂർ